പൂർവ്വവിദ്യാർഥിയോഗത്തിനുള്ള ക്ഷണക്കത്ത്

വിജ്ഞാനകേരളത്തിന്റെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അവസാനവർഷ വിദ്യാർഥികൾക്ക് നൈപുണി പരിശീലനം നടത്തി ക്യാമ്പസ് പ്ലേസ്മെന്റ് നൽകുന്നതിനുള്ള വിജ്ഞാനകേരളത്തിന്റെ ക്യാമ്പയിനെക്കുറിച്ചു താങ്കൾ അറിഞ്ഞുകാണുമെന്ന് കരുതുന്നു.

ഈ നൈപുണി പരിശീലന പരിപാടി ഓരോ കോളേജിലെയും സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് സംഘടിപ്പിക്കുന്നത്. ഓരോ കോളേജും പരമാവധി തൊഴിലവസരങ്ങൾ വ്യവസായ - വാണിജ്യ കമ്പനികളിൽ നിന്ന് ഇതിനായി കണ്ടെത്തുവാനാണ് ശ്രമിക്കുന്നത്. അതുപോലെ തന്നെ ഓരോ കോളേജും ഈ കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള സന്നദ്ധ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മെന്റർമാരെയും കണ്ടെത്താൻ ശ്രമിക്കും. ഈ രണ്ടു കാര്യങ്ങൾക്കുമുള്ള ഏറ്റവും പ്രധാനപ്പെട്ട സ്ത്രോതസ് കോളേജിലെ പൂർവ്വവിദ്യാർഥികളാണ്.

ഈ പശ്ചാത്തലത്തിൽ നമ്മുടെ കോളേജിലെ പൂർവ്വവിദ്യാർഥിയുടെ ഒരു യോഗം ഓൺലൈനായി ______ തീയതിയിൽ വിളിച്ചുചേർക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള ലിങ്ക് എല്ലാവർക്കും അയച്ചുതരുന്നതാണ്. ഇതിനോടൊപ്പം വിജ്ഞാനകേരളം അഡ്വൈസറായ ഡോ. ടി എം തോമസ് ഐസക്കിന്റെ പുസ്തകത്തിൽ നിന്ന് പ്രസക്തമായ ഒരു അധ്യായം താങ്കൾക്ക് അയച്ചുതരുന്നുണ്ട്. ഓൺലൈൻ മീറ്റിംഗിൽ വിശദമായി കാര്യങ്ങൾ സംസാരിക്കുന്നതിനു പരിമിതികൾ ഉണ്ടെന്നതിനാൽ താങ്കളുടെ അഭിപ്രായങ്ങൾ നേരത്തെ അയച്ചു തന്നാൽ സൗകര്യമായിരിക്കും.

മെന്റർ ആവുന്നതിനു അക്കാഡമിക് മേഖലയിലോ, പ്രൊഫെഷണൽ മേഖലയിലോ ജോലി ചെയ്യുന്നവർക്കേ അർഹതയുണ്ടാവൂ. ഇതിനായി തരുന്ന ഗൂഗിൾ ഫോമിൽ താത്പര്യമുള്ളവർക്ക് പേര് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ സ്കിൽ കോഴ്സുകൾ തിരഞ്ഞെടുത്തു കഴിഞ്ഞാൽ മെന്റർമാരാവാൻ സന്നദ്ധരായവരുടെ സ്പെഷ്യലൈസേഷൻ കണക്കിലെടുത്തുകൊണ്ട് സന്നദ്ധരായവരെ കോളേജിൽനിന്ന് വീണ്ടും സമീപിക്കും. മെന്റർമാരായി തിരഞ്ഞെടുക്കപ്പെട്ടാൽ വിദ്യാത്ഥികളെ ഓൺലൈനായി ബന്ധപ്പെട്ട സംശയ നിവാരണം നടത്തുകയും, അവരെ മോട്ടിവേറ്റ് ചെയ്യുകയുമാണ് ചെയ്യേണ്ടത്. അതുപോലെ നാട്ടിൽ വരുമ്പോൾ കോളേജിൽ വന്ന അവരെ നേരിട്ട് കാണുന്നതിനും സാധ്യമാണ്. ഈ പ്രവർത്തനങ്ങൾ പൂർണ്ണമായും സന്നദ്ധഅടിസ്ഥാനത്തിൽ ആണ് നടത്തേണ്ടത്.

ജോലികൾ സമാഹരിക്കുന്നതിനും പ്രത്യേക ഗൂഗിൾ ഫോം അയക്കുന്നതാണ്. നിങ്ങൾക്ക് നേരിട്ട് ഉത്തരവാദിത്വമുള്ള കമ്പനികളിലെ തൊഴിലവസരങ്ങൾ നിർദ്ദേശിച്ചാൽ മതിയാവും. കമ്പനിയെ കോളേജ് നേരിട്ട് ബന്ധപ്പെട്ട് ഉറപ്പുവരുത്തിയതിനു ശേഷമായിരിക്കും കുട്ടികൾക്ക് അവരുടെ അഭിരുചി അനുസരിച്ചു ജോലി തിരഞ്ഞെടുക്കാൻ നൽകുക.

ഓരോ ജോബ് റോളിനും ആവശ്യമായ നൈപുണി കോഴ്സിന് രൂപം നൽകുവാൻ വിജ്ഞാനകേരളം ആണ് സഹായിക്കുന്നത്. ഇതിനു പുറമെ തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ വിജ്ഞാനകേരളവും സഹായിക്കും. ഒന്നരലക്ഷം തൊഴിലവസരങ്ങൾ ഇതിനകം കണ്ടെത്തിക്കഴിഞ്ഞു. ഇതിൽ നിന്നും തൊഴിലുകൾ നമ്മുടെ കോളേജിനും ലഭ്യമാവും.

സമാന്തരമില്ലാത്ത ഒരു നൂതന നൈപുണി പരിശീലന പരിപാടിക്കാന് നമ്മൾ മുന്നിട്ടിറങ്ങുന്നത്. നമ്മുടെ കോളേജാണ് ഇതിനു നേതൃത്വം നൽകുന്നത്, പൂർവ്വ വിദ്യാർഥികളാണ് പിന്തുണ നൽകുന്നത്. നല്ലൊരു പങ്ക് കുട്ടികൾക്ക് ഉറപ്പായും ക്യാമ്പസ് പ്ലേസ്മെന്റ് നൽകുവാൻ കഴിയും. ഈ ഒരു പ്രവർത്തനം എല്ലാ കോളേജിലും നടന്നുകഴിയുമ്പോൾ അത് കേരളത്തിൽ വലിയ ചലനം സൃഷ്ടിക്കും. നൈപുണി പരിശീലനം കരിക്കുലത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് കേരള സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾക്ക് ശക്തി പകരും.

ഒരർത്ഥത്തിൽ നാല് പതിറ്റാണ്ട് മുൻപ് ലോക ശ്രദ്ധ ആകർഷിച്ച കേരളത്തിന്റെ സാക്ഷരതാ പ്രസ്ഥാനം പോലെ ഒരു നൈപുണി പരിശീലന ജനകീയ പ്രസ്ഥാനമാണ് കേരളത്തിൽ രൂപംകൊണ്ടുകൊണ്ടിരിക്കുന്നത്. അതിൽ പങ്കാളിയാകുവാൻ പൂർവ്വ വിദ്യാർഥിയായ താങ്കളെ ക്ഷണിക്കുന്നു. യോഗത്തിൽ പങ്കെടുക്കുമല്ലോ?